HSS കവിതാരചന 

Code no 23

[stamp]

## ഇര

അവസാന മരത്തിന്റെ തണലും വിറ്റ്,
വാങ്ങിയ പുതിയ എ.സി
ഹൃദയത്തെ തണുപ്പിച്ച് മരവിപ്പിക്കുന്നതിന്റെ
രസതന്ത്രം ചികഞ്ഞ്
തിരിച്ചു നടക്കുമ്പോഴാണ് കണ്ടത്.

വഴിവക്കിൽ,
പനിച്ചു വിറച്ചു മരിക്കാൻ കിടക്കുന്ന
ഒരു പടുവൃദ്ധ!
തിരക്കു പിടിച്ച കാലത്തിന്റെ
ഓടുന്ന ബസ്സിൽ നിന്ന്
ആരോ തള്ളിയിട്ടതാണത്രേ...
പിച്ചിച്ചീന്തിയ ഓസോൺ പാവാടയിൽ
ഉണങ്ങാത്ത മുറിവുകളെഴുതിയ കവിതകളായിരുന്നു.
മഴയും കുളിരും ഒളിച്ചു വച്ച
ഹൃദയം മുറിച്ചു വിറ്റിരുന്നു
മാനത്തോളം ഉയർന്ന സ്വപ്നങ്ങളെല്ലാം
ഒറ്റക്കയ്യൻ ജെ.സി.ബികൾ മാന്തിപ്പൊളിച്ചുവത്രേ...

Code no. 23

വരണ്ട കണ്ണിനെ പൊതിഞ്ഞ വിശപ്പുകളോട്
'വെളിച്ചം' കാണുന്നില്ലെന്ന് വിതുമ്പുകയാണവർ.
ഊറ്റിയെടുത്ത കണ്ണീരിനു പകരം
ഊർന്നിറങ്ങുന്ന കറുത്ത നീര്
എന്തെന്ന് തിരിച്ചറിയാനാകാതെ...

'കൂട്ടമാനഭംഗത്തിന് കേസ് കൊടുക്കുന്നില്ലെന്ന്'
ഞാൻ തിരക്കിയില്ല.
പകരം...
ഒരു സെൽഫിയെടുത്തു.
ഞങ്ങളെ വേരോടെ ഒപ്പിയെടുത്ത ക്ലിക്ക്
ലൈക്കുകളെ സ്വപ്നം കാണുമ്പോൾ
'ഞാൻ'
സെൽഫിയിൽ എന്നെ മാത്രം തിരയുകയായിരുന്നു.